ഖുത്ബ
22.4.2005
ബൈത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# നബി(സ) തിരുമേനിയുടെ ധീരത

الَّذِينَ يُبَلِّغُونَ رِسَالَاتِ اللَّهِ وَيَخْشَوْنَهُ وَلَا يَخْشَوْنَ أَحَدًا إِلَّا اللَّهَ ۗ وَكَفَىٰ بِاللَّهِ حَسِيبًا

അല്ലാഹുവിന്റെ പ്രവാചകരുടെ ഒരു ധാർമ്മികഗുണമാണ് ധീരത അല്ലെങ്കിൽ ധൈര്യം. ഇതു അല്ലാഹുവിലുള്ള ദൃഢവിശ്വാസവും ആത്മവിശ്വാസവും കൊണ്ട് കൂടുതൽ ഉത്തേജിതമാകുന്നു. ഈ ധൈര്യവും തന്റേടവും ഇല്ലായെങ്കിൽ അല്ലാഹു അവരെ ഏല്പിച്ചിരിക്കുന്ന പ്രവൃത്തികളെടുക്കാൻ അവർക്കു സാധിക്കുകയില്ല. മറ്റു ധാർമ്മികഗുണങ്ങളെപ്പോലെ ഈ ധാർമ്മികഗുണവും പ്രവാചകന്റെ കാലത്തുള്ള ആളുകളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ പ്രവാചകനിൽ ഉണ്ടാകുന്നു. ഖാത്തമുൽ അമ്പിയാഅ് ആയ നബി (സ) തിരുമേനിയിൽ ഈ ധാർമ്മികഗുണം എല്ലാ മനുഷ്യരെക്കാളും എന്നല്ല എല്ലാ പ്രവാചകന്മാരെക്കാളും അധികമായിരുന്നു. അതിന്റെ ഉദാഹരണങ്ങൾ അക്കാലത്തു ലഭിച്ചിരുന്നില്ല. ഇനി ലഭിക്കുകയുമില്ല. നബി(സ) ഓരോ സന്ദർഭത്തിലും കാണിച്ച ധീരതയുടെ ഉദാഹരണം ചരിത്രത്തിൽ ഒരു നേതാവിലും കാണുന്നില്ല. എന്നല്ല ആയിരത്തിലൊരുഭാഗം പോലും അവരിൽ കാണാൻ കഴിയുന്നില്ല. അങ്ങേയറ്റം വിഷമകരമായ സന്ദർഭത്തിലും ജനതയുടെ ആവേശം നിലനിർത്തുന്നതിനുവേണ്ടി, തന്റെ കൂടെയുള്ളവരുടെ ആവേശം ഉയർത്തിവയ്ക്കുന്നതിനുവേണ്ടി, അവർക്ക് ക്ഷമയുടെയും സ്ഥിരചിത്തതയുടെയും ധീരതയുടെയും, അല്ലാഹുവിൽ സകലവും ഭരമേല്പിക്കുന്നതിനേയും കുറിച്ച് ഉപദേശം നല്കാതിരുന്നിട്ടില്ല. തനിച്ചാണെങ്കിലും, ശത്രുവിനാൽ വളയപ്പെട്ടാലും ഒരിക്കലും ഒരു തരത്തിലുള്ള ഭയവും പ്രകടിപ്പിച്ചിരുന്നില്ല. ഞാൻ ഓതിയ വചനത്തിൽ അല്ലാഹു പറയുന്നു.

അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുകയും അവനെ ഭയപ്പെടുകയും അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവരായിരുന്നു അവർ. കണക്കെടുക്കുന്നവനെന്ന നിലയിൽ അല്ലാഹു മതിയായവനാകുന്നു. (33: 40)

ഇതു മുമ്പേയും കഴിഞ്ഞുകടന്നിട്ടുള്ള അല്ലാഹുവിന്റെ സുന്നത്താണ്. നബി(സ) എല്ലാവരെക്കാളുമധികം ഇതിന്റെ ഉന്നതമായനില നിലനാട്ടിയവരായിരുന്നു. അവിടത്തെ പ്രവർത്തനവും സ്വഹാബത്തിന്റെ സാക്ഷ്യവും ഇതിനുസാക്ഷിയാണ്; അതായത് ഏകനായ അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിൽ, നബി(സ) കാണിച്ചതു പോലുള്ള ധൈര്യം അതുല്യമാണ്. എന്നല്ല, അല്ലാഹുവിനെക്കൂടാതെ മറ്റാരെയും ഭയപ്പെടാത്ത അവസ്ഥയായിരുന്നു നബി(സ)ന്റേത്. അല്ലാഹുവിൽനിന്ന് വഹ്യ് ഇറങ്ങിത്തുടങ്ങുന്നതിനുമുമ്പേതന്നെ ഈ ഗുണം നബി(സ)യിൽ ഉണ്ടായിരുന്നു. അക്കാലത്തെ ജീവിതശൈലിയെക്കുറിച്ച് ഹസ്റത്ത് ആയിശ (റ) ഇങ്ങനെ നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനിക്ക് ആദ്യകാലങ്ങളിൽ സൽസ്വപ്നങ്ങളായിരുന്നു ഉണ്ടായിരുന്നത്. (ആദ്യം ഉണ്ടായ വഹ്യ്ക്കു മുമ്പേയുള്ള സംഭവമാണിത്.) നബി(സ) രാത്രിയിൽ കാണുന്ന സ്വപ്നങ്ങൾ പ്രഭാതവെളിച്ചംപോലെ പുലരുമായിരുന്നു. പിന്നീട് അവിടന്ന് ഏകാന്തത ഇഷ്ടപ്പെട്ടു. അങ്ങനെ ഹിറാഗുഹയിൽ തനിച്ച് പലരാത്രികൾ ആരാധനയിൽ മുഴുകി. അവിടെ താമസിക്കുന്നതനുസരിച്ച്, പാഥേയം കൂടെകൊണ്ടുപോകുമായിരുന്നു. അതു തീരുമ്പോൾ ഹസ്റത്ത് ഖദീജ (റ)യുടെയടുക്കൽ മടങ്ങിവരും. തിന്നാനും കുടിക്കാനുമുള്ള കൂടുതൽ സാധനങ്ങളെടുത്ത് വീണ്ടും ഹിറാഗുഹയിലേക്ക് പോകും. ആരാധനയിൽ മുഴുകും; ഇത് വഹ്യ് ഇറങ്ങിത്തുടങ്ങുന്നതുവരെ തുടർന്നുപോന്നു. അങ്ങനെ നബി(സ)യുടെയടുക്കൽ സത്യംവന്നു. ഇതിൽനിന്ന് നബി(സ)യ്ക്ക് അല്ലാഹുവിനോടുള്ള സ്നേഹവും അവിടത്തെ ആരാധനയും മനസ്സിലാകുന്നതിനോടൊപ്പം ഒരു ഭയവും കൂടാതെ പലരാത്രികൾ ഗുഹയിൽ - അവിടെയാണെങ്കിൽ പലരീതിയിലുള്ള അപകടങ്ങളുമുണ്ട് - കഴിച്ചുകൂട്ടിയതിൽ നിന്ന് അവിടത്തെ ധൈര്യവും മനസ്സിലാകുന്നുണ്ട്.

ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: യാഥാർത്ഥ്യമെന്താണെന്നുവെച്ചാൽ, അല്ലാഹുവിനോട് സ്നേഹവും താല്പര്യവും ഉണ്ടാകുമ്പോൾ, ഇഹലോകത്തോടും ഇഹലോകവാസികളോടും ഒരു വിരക്തിയുണ്ടാകുന്നു. അപ്പോൾ ഏകാന്തത ഇഷ്ടപ്പെടുന്നു. നബി(സ) തിരുമേനിയുടെ അവസ്ഥയും ഇതു തന്നെയായിരുന്നു. അല്ലാഹുവിനോടുള്ള സ്നേഹത്തിൽ അവിടന്ന് ലയിച്ചിരുന്നു, എത്രമാത്രമെന്നാൽ ഏകാന്തതയിൽ ആനന്ദം കണ്ടെത്താൻ തുടങ്ങി. വിശ്രമിക്കാനും, സന്തോഷിക്കാനും ഒന്നുമില്ലാത്ത സ്ഥലത്ത് - അവിടെ പോകുന്നുവെന്ന് കേൾക്കുമ്പോൾ തന്നെ പേടി തോന്നും - പലരാത്രികൾ തനിച്ചുകഴിച്ചുകൂട്ടിയിരുന്നു. ഇതിൽനിന്ന്, അവിടന്ന് എത്രമാത്രം ധൈര്യവാനും ധീരനുമായിരുന്നുവെന്ന് മനസ്സിലാകുന്നുണ്ട്. അല്ലാഹുവിനോടുള്ള ബന്ധം അതിശക്തമാവു

മ്പോൾ, പിന്നെ ധൈര്യവും വന്നുചേരുന്നു. അതുകൊണ്ട് സത്യവിശ്വാസി ഒരിക്കലും ഭീരുവാകുകയില്ല. ഭൗതികതയിൽ മുങ്ങിക്കിടക്കുന്നവർ ഭീരുക്കളാകുന്നു. അവരിൽ ഇത്തരം ധൈര്യം ഉണ്ടാകുകയില്ല.

വഹ്‌യ് ഇറങ്ങിത്തുടങ്ങിയതിനുശേഷം വിവിധ സമയങ്ങളിൽ അവിടന്ന് ഏതുരീതിയിലുള്ള ധൈര്യവും തന്റേടവുമാണ് കാണിച്ചതെന്ന് നമുക്ക് കാണാൻ കഴിയുന്നു.

മക്കയിലെ പതിമൂന്നുവർഷജീവിതകാലത്ത്, അതായത് നുബുവ്വത്ത് വാദത്തിനുശേഷമുള്ള പതിമൂന്നുവർഷക്കാലം എല്ലാ തരത്തിലും നബി(സ)യെ ഭയപ്പെടുത്താൻ ശ്രമിക്കുകയും നബി(സ)യ്ക്കെതിരിൽ ഭീഷണി മുഴുക്കുകയും ചെയ്തു. നബി(സ)യ്ക്ക് അഭയം നല്കിയവരിൽനിന്ന് അതകറ്റാൻ പരിശ്രമിച്ചു. പക്ഷെ ഈ ധൈര്യത്തിന്റേയും തന്റേടത്തിന്റേയും ആൾരൂപം, അതിന് അല്പം പോലും വില നല്കിയില്ല. ഈ മക്കാ ജീവിതത്തിൽ ഉണ്ടായ സംഭവങ്ങളിൽ ചിലത് ഞാൻ പറയുകയാണ്. ഇതിൽനിന്ന് ഒരു പരിഭ്രമവും കൂടാതെ അവിടന്ന് എങ്ങനെയാണ് ധൈര്യത്തോടും തന്റേടത്തോടും കൂടി അതിനെ നേരിട്ടതെന്ന് മനസ്സിലാകുന്നതാണ്. നബി(സ)തിരുമേനിയ്ക്ക് തന്നെ വിശ്വസിച്ചവരെക്കുറിച്ചുള്ള ചിന്ത മാത്രമെ ഉണ്ടായിരുന്നുള്ളു. അതായത് അവരുടെ മേൽ അക്രമങ്ങൾ ഉണ്ടാകരുതെന്ന ചിന്ത. നിവേദനങ്ങൾ വായിക്കുമ്പോൾ ചിലപ്പോൾ ജീവിതത്തിന്റെ ചിലവശങ്ങൾ നമ്മുടെ മുമ്പിൽ വരുന്നുണ്ട്. പക്ഷെ, നോക്കുകയാണെങ്കിൽ ചില നിവേദനങ്ങളിൽ അവിടത്തെ ജീവിതത്തിന്റെ പലവശങ്ങൾ പ്രകടമാകുന്നതായി കാണാം. നബി(സ) മക്കയിലായിരുന്നപ്പോൾ, അങ്ങേയറ്റം ധൈര്യം പ്രകടിപ്പിച്ചുകൊണ്ട് കഅ്ബ മന്ദിരം ത്വവാഫ് ചെയ്യുകയും അവിടെ ആരാധനാ കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യാറുണ്ടായിരുന്നു. മക്കയിലെ ഖുറയ്ശികൾ ഇതു കാണാറുണ്ടായിരുന്നു. അപ്പോൾ അവർ കോപകുലരാകുമായിരുന്നു. അതായത് നമ്മുടെ ബിംബങ്ങളെ അതും ഇതും പറയുകയും, പിന്നെ നമ്മുടെ മുമ്പിൽ ഒരു കൂസലും കൂടാതെ സ്വന്തം രീതിയിൽ ആരാധന നടത്തുകയും ചെയ്യുക. ഇതവർക്ക് സഹിക്കുമായിരുന്നില്ല.

ഖുറയ്ശികളുടെ നടപടി എങ്ങനെയായിരുന്നുവെന്ന് അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ആസ്(റ) നിവേദനം ചെയ്യുന്നു. പറയുന്നു: ഒരിക്കൽ ഞാൻ അവിടെ ഉണ്ടായിരുന്നു. അതായത് കഅ്ബ മന്ദിരത്തിനടുത്ത്. ഖുറയ്ശികളിലെ വലിയ വലിയ നേതാക്കന്മാർ കഅ്ബ മന്ദിരത്തിൽ, ഹജ്റെ അസ്‌വദിന്റെയടുക്കൽ ഒരുമിച്ചുകൂടി, അവർ നബി(സ)തിരുമേനിയെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി; മുഹമ്മദ് നമ്മുടെ ബിംബങ്ങളെ അതും ഇതും പറയുന്നു, നമ്മളാണെങ്കിൽ ഒരുപാടു ക്ഷമിച്ചു. ഇപ്പോൾ ക്ഷമയുടെ നെല്ലിപ്പടിയായി എന്നൊക്കെ അവർ പറഞ്ഞുകൊണ്ടിരുന്നു. ആ സന്ദർഭത്തിൽ നബിതിരുമേനി (സ) അവിടെ വന്നു. അവിടന്ന് ത്വവാഫ് ചെയ്യാൻ തുടങ്ങി. ത്വവാഫ് ചെയ്തുകൊണ്ട് അവരുടെ അടുത്തൂടെ പോകുമ്പോൾ, നിഷേധികൾ പരിഹസിച്ച് ശബ്ദം ഉണ്ടാക്കി. നബി(സ)യെക്കുറിച്ച് അനാവശ്യം പറഞ്ഞു. മൂന്നുപ്രാവശ്യം അങ്ങനെ അവർ ചെയ്തു. നബി(സ)യുടെ പരിശുദ്ധമായ വദനത്തിൽ ദുഃഖം തളംകെട്ടിയിരിക്കുന്നതായി ഞാൻ കണ്ടു. മൂന്നാമത്തെ പ്രാവശ്യം ശബ്ദം ഉണ്ടാക്കിയപ്പോൾ അവിടന്ന് അവിടെ നിന്നു. അവിടന്ന് പറഞ്ഞു: ഖുറയ്ശീ സംഘമേ! ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനെക്കൊണ്ടു സത്യം. നിങ്ങളെപ്പോലുള്ളവരുടെ നാശത്തിന്റെ വാർത്തയുമായിട്ടാണ് ഞാൻ വന്നിട്ടുള്ളത്. നിവേദകൻ പറയുന്നു. ഈ വാക്കുകൾ ഖുറയ്ശികളിൽ വല്ലാത്ത ഒരവസ്ഥയുണ്ടാക്കി. അവരിൽ അതിരുവിട്ട് സംസാരിച്ചവൻ, നബിയോട് മൃദുവായി സംസാരിക്കുവാൻ തുടങ്ങി. അങ്ങ് മടങ്ങിപ്പോയാലും എന്ന് ഖേദം പ്രകടിപ്പിച്ചുകൊണ്ട് അയാൾ പറഞ്ഞു. പിന്നീട് നബി(സ) അവിടന്ന് പോയി. രണ്ടാം ദിവസം വീണ്ടും ഈയാളുകൾ അവിടെ സംഘടിച്ചു. നാലുഭാഗത്തുനിന്നും നബി(സ)യെ വളഞ്ഞു. അവർ പറഞ്ഞു: നീയാണ് ഞങ്ങളുടെ ബിംബങ്ങളിൽ ന്യൂനതകാണുന്നവൻ. ഞങ്ങളുടെ ദീനിനെ അതുംഇതും പറയുന്നവൻ. ഇതുകേട്ടപ്പോൾ നബി(സ) പറഞ്ഞു. അതേ, ഞാൻ അതുതന്നെയാണ് പറയുന്നത്. നോക്കുക, എത്ര ധൈര്യത്തോടെയാണ് അവിടന്ന് ഒറ്റയ്ക്ക് അക്രമികളുടെയും അതിക്രമം പ്രവർത്തിക്കുന്നവരുടെയും ഇടയിൽനിന്ന് ആ എതിർപ്പുകളെ നേരിട്ടത്. അക്രമികളും മനുഷ്യത്വം തീണ്ടിയിട്ടില്ലാത്തവരുമായ ഇവർ തന്നോടു എങ്ങനെ പെരുമാറുമെന്ന് അവിടന്ന് ഗൗനിച്ചതേയില്ല. ഇതുമാത്രമല്ല. അവരെ വെല്ലുവിളിച്ചുകൊണ്ടുപറഞ്ഞു: ഇന്ന് അതിരുവിട്ട് എന്നോടു സംസാരിക്കുന്ന നിങ്ങൾ, എനിക്കെതിരിൽ നിന്ദ്യമായ കാര്യങ്ങൾ വിളിച്ചു പറയുന്ന നിങ്ങൾ, ഓർമിച്ചുകൊള്ളുക, നിങ്ങളുടെ നാശം എന്റെ കൈകൊണ്ടാണുണ്ടാവുക.

അല്പമെങ്കിലും ദുൻയാവിനെ ഭയപ്പെടുന്നയാൾക്ക് ഇത്രയും കാര്യങ്ങൾ പറയാൻ സാധ്യമല്ല. തന്നിൽ കൂടുതൽ അതിക്രമം പ്രവർത്തിക്കാതിരിക്കാൻ അവർ നിശബ്ദത പാലിക്കും. പക്ഷെ, ഈ അല്ലാഹുവിന്റെ സിംഹം എല്ലാവരെയും വെല്ലുവിളിക്കുന്നു; ഒരു ഭയവും കൂടാതെ; ആരെയും വകവെക്കാതെ. ഈ വെല്ലുവിളിയിൽ അല്ലാഹുവിൽനിന്ന് റുഅ്ബും കിട്ടിയിരുന്നു. മർദക ജനവിഭാഗമായിട്ടും എല്ലാവരും ഈ വാക്കുകൾ കേട്ട് നിശബ്ദരായി ത്തീർന്നു; ശരീരത്തിൽനിന്ന് ജീവൻ പോയതുപോലെ. പിന്നെ ആ ദ്രോഹപ്രവൃത്തികൾ ചെയ്തവർ വിനയം കാണിച്ചു. വളരെ വിനയത്തോടെ സംസാരിച്ചു. അടുത്തദിവസം - ദ്രോഹപ്രവൃത്തി

കൾ അവരുടെ പ്രകൃതിയിൽ തന്നെയുള്ളതായിരുന്നു. - വീണ്ടും അവർ സംഘടിച്ചു. ഇങ്ങനെതന്നെ കൂടിയിരുന്നു. നമ്മുടെ അന്തസ്സ് പൊയ്പ്പോകുമെന്ന് പറഞ്ഞ് ആരെങ്കിലും കയറ്റിയിട്ടുണ്ടാകും. അടുത്ത ദിവസം ദൂരെനിന്ന് അതും ഇതും പറയുന്നതിനുപകരം, അവർ എല്ലാവരും നബി(സ)യെ വളഞ്ഞു. ഓടിപ്പോകാൻ ഒരു വഴിയുമില്ലാത്ത അവസ്ഥ. നീ ഞങ്ങളുടെ ബിംബങ്ങളെ അനാവശ്യം പറയുന്നോ എന്ന് ചോദിക്കപ്പെട്ടു. നബി(സ) ആ പരിതസ്ഥിതിയിലും പറയുന്നു: അതേ, ഞാൻ പറയുന്നത് ശരിയാണ്. കാരണം നിങ്ങളുടെ ഈ ബിംബങ്ങളിൽ ഒരു ശക്തിയുമില്ല. ഇത് നിങ്ങളുടെ കൈകളാൽ നിങ്ങൾ ഉണ്ടാക്കിവെച്ചിട്ടുള്ളതാണ്. നോക്കുക, എത്ര ധൈര്യത്തോടെയാണ് അവിടന്ന് മറുപടി പറഞ്ഞത്. ഇവർ തന്നോടു എങ്ങനെ പെരുമാറുമെന്ന് നബി(സ)തിരുമേനി ചിന്തിച്ചതേയില്ല. അടുത്തനിമിഷം തന്നെ അവർ നബി(സ)യുടെ മേൽ അതിക്രമം ചെയ്തു. നിവേദകൻ പറയുന്നു. നബി(സ)തിരുമേനിയുടെ പരിശുദ്ധമായ ഉത്തരീയം ഒരാൾ പിടിച്ചു വലിച്ചു. അബൂബക്കറും അവിടെ ഉണ്ടായിരുന്നു. ഇതുകണ്ട് വാവിട്ട് കരഞ്ഞു. എഴുന്നേറ്റുനിന്നു ഖുറയ്ശികളോടു പറഞ്ഞു, എന്റെ റബ്ബ് അല്ലാഹുവാണെന്ന് പറയുന്ന ഒരാളെ നിങ്ങൾ കൊല്ലാൻ ശ്രമിക്കുകയാണോ? അപ്പോൾ ഖുറയ്ശികൾ നബി(സ)യെവിട്ട് അവിടന്ന് പോയി. ഏതൊരുദ്ദേശ്യത്തോടുകൂടിയാണോ അടുത്തദിവസം അവർ സംഘടിച്ചത്, അത് പൂർത്തിയാക്കാനും അവർ ആഗ്രഹിച്ചിരുന്നു. നബി(സ) തിരുമേനിയോടു അവർ അവരുടെ ബിംബങ്ങളെക്കുറിച്ച് ചോദിക്കുമ്പോൾ, തീർച്ചയായും നീരസം പ്രകടിപ്പിക്കുമെന്നും ഇങ്ങനെ മറുപടി പറയുമെന്നും അവർക്കറിയാമായിരുന്നു. അങ്ങനെ വരുമ്പോൾ അവർക്ക് മർദിക്കുകയും ചെയ്യാം. ഈ തീരുമാനത്തോടെ അവർ പിടിക്കുകയും ചെയ്തു. പക്ഷെ, ഹസ്റത്ത് അബുബക്കറിന്റെ പിന്തുണകാരണത്താൽ അവർ നബി(സ)യെ വിട്ടയച്ചു. മാന്യത കാണിച്ച വേറെയും ആളുകൾ അവിടെ ഉണ്ടായിരുന്നിരിക്കാം. എന്തായാലും, ആ സന്ദർഭത്തിലും നബി(സ) അങ്ങേയറ്റം ധൈര്യമായിരുന്നു കാണിച്ചിരുന്നത്.

മക്കയിലെ എല്ലാ നേതാക്കന്മാരും സംഘടിച്ച് അബൂത്വാലിബിന്റെയടുക്കൽ വരികയും സഹോദരപുത്രനെ തടയാൻ പറയുകയും ചെയ്ത ആ സംഭവം നോക്കുക. ഇല്ലെങ്കിൽ നിന്നെയും വകവെക്കുകയില്ലെന്ന് അവർ അബൂത്വാലിബിനോടു പറഞ്ഞു. അപ്പോൾ അബൂത്വാലിബ് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി നബി(സ) തിരുമേനിയെ വിളിപ്പിച്ചു. തന്റെ പിതൃസഹോദരനും ഇനി തന്നെ സഹായിക്കാൻ കഴിയുകയില്ലെന്ന് അവിടന്ന് മനസ്സിലാക്കികഴിഞ്ഞിരുന്നു. എന്നാൽ, ഈ ചിന്താഗതി ധൈര്യത്തിന് ഒരു കുറവും വരുത്തിയില്ല. എന്നല്ല, അല്ലാഹുവിന്റെ കല്പനയനുസരിച്ച്, ദൃഢവിശ്വാസവും ധൈര്യവും കൂടുതൽ വർധിക്കുകയാണുണ്ടായത്. അവിടന്ന് പറഞ്ഞു: അല്ലയോ പിതൃവ്യാ! ഇക്കൂട്ടർ എന്റെ വലതുകൈയിൽ സൂര്യനും ഇടതുകൈയിൽ ചന്ദ്രനും വെച്ചാൽ പോലും എന്റെ ഈ പ്രവൃത്തി ഞാനുപേക്ഷിക്കുകയില്ല; അല്ലാഹു അതിനെ പൂർത്തിയാക്കുന്നതുവരെ. അല്ലെങ്കിൽ ഞാൻ സ്വയം നാശമടയുന്നതുവരെ.

നിങ്ങൾ അധികവും കേട്ടിട്ടുള്ള ഒരു സംഭവമുണ്ട്. അതിലെ ധൈര്യം എന്ന വശം നോക്കുമ്പോൾ നബി(സ)യുടെ പ്രൗഢിയുടെ മറ്റൊരു വശവും കാണാൻ കഴിയും. ഒരു ഒട്ടകക്കച്ചവടക്കാരനിൽ നിന്ന് അബൂജഹൽ ഒട്ടകങ്ങളെ വാങ്ങുന്നു. ഒട്ടകങ്ങൾ വാങ്ങിയശേഷം അയാളുടെ പണം കൊടുക്കുന്നില്ല. ഒരുപാട് ഒഴികഴിവുകൾ അബൂജഹൽ അയാളോടു പറയുന്നു. ആ പാവം തന്റെ പണത്തിനുവേണ്ടി ഓടിയോടി ക്ഷീണിച്ചു. ഖുറയ്ശീ നേതാക്കന്മാരുടെയടുക്കൽ പരാതിയുമായി ചെന്നു. തന്നോടു ദയ കാണിക്കാനും അബുൽ ഹിക്കമിൽ നിന്ന് പണം വാങ്ങിത്തരാനും പറഞ്ഞു. എന്നാൽ അക്രമിയും - അയാളും ഇതുപോലെ ജനങ്ങളുടെ പണം അപഹരിച്ചു തിന്നിട്ടുണ്ടാകും - പരിഹസിച്ചുകൊണ്ട് മുഹമ്മദിന്റെയടുക്കൽ പോകാൻ വഴിപറഞ്ഞുകൊടുക്കുന്നു. അതു സദുദ്ദേശ്യത്തോടെയായിരുന്നില്ല. ഈ ഒട്ടകക്കച്ചവടക്കാരൻ നബി(സ)യുടെ അടുക്കൽ ചെല്ലുമ്പോൾ, അവിടന്ന് അബുജഹ്ലിനെ ഭയപ്പെട്ടുകൊണ്ട്, അല്ലെങ്കിൽ അയാൾ ഖുറയ്ശീ നേതാവായ കാരണത്താൽ, അല്ലെങ്കിൽ തന്റെ കഠിന ശത്രുവായ കാരണത്താലും അയാളുടെയടുക്കൽ പോകാൻ തയ്യാറാകുകയില്ലെന്ന് അയാൾ വിചാരിച്ചു. പക്ഷെ, ആ സാധു മനുഷ്യൻ നബി(സ)യുടെയടുക്കൽ വന്നു. ഒരു കൂസലും കൂടാതെ ഈ ധൈര്യത്തിന്റേയും തന്റേടത്തിന്റേയും ആൾരൂപം അയാളോടൊപ്പം അബൂജഹ്ലിന്റെ വീട്ടിലേക്കുപോയി. വാതിലിൽ മുട്ടി അബൂജഹ്ലിനെ വിളിച്ചു. അബൂജഹ്ൽ വെളിയിൽ വന്നു. ഈയാൾക്ക് പണം കൊടുക്കാനുണ്ടോ എന്ന് അവിടന്ന് അബൂജഹ്ലിനോടു ചോദിച്ചു. ഉണ്ടെന്ന് അബൂജഹ്ൽ പറഞ്ഞു. ഉടനെ വീട്ടിനുള്ളിൽ പോയി അയാളുടെ പണം കൊണ്ടുകൊടുത്തു.

തീർച്ചയായും അല്ലാഹുവിന്റെ സഹായം നബി(സ)യോടൊപ്പം ഉണ്ടായിരുന്നു. അതിന്റെ തെളിവുകളും അല്ലാഹു കാണിച്ചു. അബൂജഹ്ൽ ഭയാജനകമായ ഒരു ഒട്ടകത്തെ കണ്ടു. പക്ഷെ, നബി(സ)ന് അല്ലാഹുവിലുള്ള വിശ്വാസമായിരുന്നു ഈ തന്റേടം നല്കിയത്; അത്തരമൊരു കഠിനശത്രുവിന്റെ വീട്ടിൽ ഒരായുധവും കൂടാതെ പോകുക നിസ്സാരകാര്യമല്ല. ഈ ധൈര്യം അവിടത്തെ മാത്രം പ്രത്യേകതയായിരുന്നു.

മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് വരുമ്പോൾ അഭയം പ്രാപിച്ച ആദ്യത്തെ സ്ഥലത്ത് നടന്ന

സംഭവം നോക്കുക. അത് അടുത്തുള്ള ഒരു ഗുഹയായിരുന്നു. ശത്രു തിരഞ്ഞ് തിരഞ്ഞ് അവിടെയെത്തി. നബി(സ)യും ഹസ്റത്ത് അബൂബക്കറും അതിനുള്ളിലിരിപ്പുണ്ട്. ശത്രു അല്പം കുനിഞ്ഞു നോക്കിയാൽ അവരെ കാണാമായിരുന്നു. ഉള്ളിലിരുന്നവർക്ക് അതറിയുകയും ചെയ്യാം. എവിടെയെങ്കിലും പോയി ഒളിക്കാൻ ഗുഹയുടെ മുഖവും ഇടുങ്ങിയതോ, ഉൾഭാഗം ആഴമുള്ളതോ ആയിരുന്നില്ല. ഹസ്റത്ത് അബൂബക്കർ പരിഭ്രമിക്കുന്നു. പക്ഷെ, നബി(സ)ന് പരിഭ്രമത്തിന്റെ ഒരു ലക്ഷണവുമില്ല. ഒരേയൊരു കാര്യമേ മനസ്സിലുള്ളു. ആരെയെങ്കിലും ഭയക്കുന്നുണ്ടെങ്കിൽ അത് അല്ലാഹുവിനെ മാത്രം. അല്ലാഹുവിനുവേണ്ടി എന്തെങ്കിലും പ്രവൃത്തി നടക്കുകയാണെങ്കിൽ ഭയപ്പെടേണ്ട കാര്യമില്ല. ഗുഹയിലിരുന്ന സംഭവത്തെ ഹസ്റത്ത് അബൂബക്കർ(റ) ഇങ്ങനെ വിവരിക്കുന്നു. ഞാൻ നബി(സ)യോടൊപ്പം ഗുഹയിലായിരുന്നു. ഞാനെന്റെ തലയുയർത്തി നോക്കിയപ്പോൾ പിന്നാലെ വന്നവരുടെ കാലുകൾ കണ്ടു. നബിതിരുമേനി (സ)യോടു ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ആരെങ്കിലും കുനിഞ്ഞുനോക്കിയാൽ നമ്മെ കാണുന്നതാണ്. അവിടന്ന് മറുപടിയിൽ പറഞ്ഞു: അബൂബക്കറേ! നമ്മൾ രണ്ടു പേരുണ്ട്. മൂന്നാമനായി അല്ലാഹുവും നമ്മോടൊപ്പമുണ്ട്. അല്ലാഹുവിലുള്ള ദൃഢവിശ്വാസമാണ് ഈ സംഭവം വെളിവാക്കുന്നത്. അല്ലാഹുവിലുള്ള ദൃഢവിശ്വാസം കാരണത്താൽ ശത്രു തലയ്ക്കുമീതെ നിന്നിട്ടും അതു ശ്രദ്ധിക്കാതെ അബൂബക്കറിനോട് ധൈര്യത്തോടെ പറയുന്നു: അബൂബക്കറേ! ഭയപ്പെടേണ്ട. നമ്മോടൊപ്പം അല്ലാഹു ഉണ്ട്. ഈ സംഭവം വിവരിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ശത്രുക്കൾ ഗുഹയുടെ വെളിയിൽ നില്ക്കുന്നു. വിവിധതരത്തിലുള്ള സംസാരം അവിടെ നടന്നു. ഗുഹപരിശോധിക്കാൻ ചിലർ പറയുന്നു: കാരണം കാലിന്റെ അടയാളം ഇവിടെയാണ് അവസാനിക്കുന്നത്. പക്ഷെ, ചിലർ ചോദിക്കുന്നു. ഇതിൽ മനുഷ്യന് എങ്ങനെയാണ് കടക്കാൻ കഴിയുക. എട്ടുകാലി വലകെട്ടിയിരിക്കുന്നു. പ്രാവ് മുട്ടയിട്ടിരിക്കുന്നു. ഇത്തരം സംസാരങ്ങളുടെ ശബ്ദം ഉള്ളിൽ എത്തുന്നുണ്ട്. നബി(സ) വ്യക്തമായും അതു കേൾക്കുന്നു. ശത്രുക്കൾ നബി(സ)യെ വകവരുത്താനാഗ്രഹിക്കുന്ന ഒരവസ്ഥയാണ്. ഭ്രാന്തരെപ്പോലെ അവർ മുന്നോട്ടു കുതിക്കുകയാണ്. പക്ഷെ, അവിടത്തെ തികഞ്ഞ ധൈര്യം നോക്കുക. ശത്രുക്കൾ തലയ്ക്കുമീതെ നിൽക്കുമ്പോൾ അവിടന്ന് തന്റെ സത്യസന്ധനായ സുഹൃത്തിനോടു പറയുന്നു, **ലാ തഹ്സൻ ഇന്നല്ലാഹ മഅനാ**. അവിടന്ന് പറഞ്ഞു, ഇവർ നമ്മുടെ ശബ്ദം കേൾക്കാൻ ആഗ്രഹിക്കുകയാണ്. വെളിയിൽ ശത്രു കൂടിയാലോചിക്കുന്നു. ഉള്ളിൽ യജമാനനും സേവകനും സംസാരത്തിലാണ്. ശത്രുക്കൾ തന്റെ ശബ്ദം കേൾക്കുമെന്നൊന്നും നബി(സ) ശ്രദ്ധിക്കുന്നില്ല. ഇത് അല്ലാഹുവിലുള്ള തികഞ്ഞ വിശ്വാസത്തിന്റെയും ദൈവജ്ഞാനത്തിന്റെയും തെളിവാണ്. അല്ലാഹുവിന്റെ വാഗ്ദാനത്തിലുള്ള തികഞ്ഞ വിശ്വാസമാണ്. പറഞ്ഞു: നബി(സ) തിരുമേനിയുടെ ധൈര്യം മനസ്സിലാക്കാൻ ഈ ഉദാഹരണം മതിയായതാണ്.

ശത്രുക്കൾ മടങ്ങിപ്പോയതിനുശേഷം, സമാധാനം ലഭിച്ചതിനുശേഷം ഗുഹയിൽ നിന്നിറങ്ങി അടുത്ത യാത്ര തുടർന്നു. മുൻകൂട്ടി ചെയ്ത പദ്ധതി പ്രകാരം യാത്രാ വാഹനം അവിടെ എത്തിയിരുന്നു. അതിന്മേൽ യാത്ര തുടർന്നു. എന്നാൽ, മക്കയിലെ സത്യനിഷേധികൾ നബി(സ)യെ പിടിക്കുന്നവർക്ക് സമ്മാനം പ്രഖ്യാപിച്ചിരുന്നു; നൂറ് ഒട്ടകം. അതിനോടുള്ള അതിമോഹത്താൽ നിരവധിയാളുകൾ നബി(സ)യെ തേടിപ്പുറപ്പെട്ടു. അവരിൽ ഒരാളായിരുന്നു സുറാഖ ബിൻ മാലിക്. അദ്ദേഹം പറയുന്നു. ഞാൻ കുതിരയെ ഓടിച്ചോടിച്ച് റസൂൽ കരീം (സ)ന്റെ വളരെ അടുത്തെത്തി. എത്രമാത്രമെന്നാൽ നബി(സ)യുടെ ഖുർആൻ പാരായണം എനിക്കു കേൾക്കാൻ കഴിഞ്ഞു. ഇടത്തോ വലത്തോ അവിടന്ന് ഒരിക്കലും നോക്കിയിരുന്നില്ല. ഹസ്റത്ത് അബൂബക്കർ തുടരെത്തുടരെ തിരിഞ്ഞ് നോക്കിക്കൊണ്ടിരുന്നു. ആ അവസ്ഥയിലും നബി(സ)യ്ക്ക് ഒരു പരിഭ്രമവും ഉണ്ടായിരുന്നില്ല. മറിച്ച് സമാധാനത്തോടെ അല്ലാഹുവിന്റെ വചനം ഓതിക്കൊണ്ടിരുന്നു. മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. അല്ലാഹുവിലുള്ള ദൃഢവിശ്വാസമായിരുന്നു ഇത്. അല്ലാഹു തന്നോടൊപ്പമുണ്ടെന്നുള്ള ദൃഢവിശ്വാസം. ഇക്കാരണത്താൽ അത്യധികം അപകടകരമായ അവസരങ്ങളിലും അവിടന്ന് ഒരിക്കലും പരിഭ്രമിച്ചില്ല.

സമാധാനം ഇഷ്ടപ്പെടുന്ന നബി(സ)യുടെ പ്രകൃതി ഒരിക്കലും കലഹവും യുദ്ധവും ആഗ്രഹിച്ചിരുന്നില്ല. പക്ഷെ, ശത്രുവിനോടു എതിരിടേണ്ട ഘട്ടം വന്നാൽ ഭീരുത്വം കാണിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല. തന്റെ അനുചരന്മാർക്കും നബി(സ) ഈ ഉപദേശം കൊടുത്തിരുന്നു. യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടാൽ പിന്നെ ഭീരുത്വം കാണിക്കരുത്. ഇതു സംബന്ധമായി ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ ഔഫ(റ) നിവേദനം ചെയ്യുന്നു.

നബി(സ) ഒരിക്കൽ ശത്രുക്കളെയും പ്രതീക്ഷിച്ച് സൂര്യൻ അസ്തമിക്കുന്നതുവരെ കാത്തുനിന്നു. പിന്നീട് ജനങ്ങളെ സംബോധന ചെയ്തുകൊണ്ട് അവിടന്ന് പറഞ്ഞു: ജനങ്ങളേ, ശത്രുക്കളോട് യുദ്ധം ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കരുത്. മറിച്ച് അല്ലാഹുവിനോടു സൗഖ്യം തേടിക്കൊണ്ടിരിക്കുക. എന്നാൽ, ശത്രുവിനെ നേരിടേണ്ടിവന്നാൽ, ക്ഷമയും സ്ഥിരചിത്തതയും കാണിക്കുക. ജന്നത്ത്, വാളിന്റെ തണലിലാണെന്ന് ദൃഢമായും വിശ്വസിച്ചുകൊള്ളുക. ഇതിനുശേഷം അവിടന്ന് ദുആ ചെയ്തു. **അല്ലാഹുമ്മ മുൻസിലൽ കിതാബിവ മുജ്രിയസ്സഹാബിവ ഹാദിമൽ അഹ്സാബി ഇദ്ഹിമുത്തും**

**വൻസുർനാ അലയ്ഹിം.** അല്ലാഹുവേ, നീ ഗ്രന്ഥം ഇറക്കുന്നവനാണ്. കാർമേഘങ്ങളെ ചലിപ്പിക്കുന്ന വനാണ്. ശത്രുക്കളെ പരാജയപ്പെടുത്തുന്നവനാണ്. അവരെ പരാജയപ്പെടുത്തേണമേ. നിന്റെ സഹായം കൊണ്ട് നീ ഞങ്ങൾക്കു അവരുടെ മേൽ വിജയം നല്കേണമേ.

ദുആയോടൊപ്പം അവിടന്ന് ശത്രുക്കളെ നേരിടുമ്പോൾ, ധൈര്യത്തിന്റേയും തന്റേടത്തിന്റേയും ഉത്തമഗുണം കാണിക്കുമായിരുന്നു. അതുകണ്ട് മനുഷ്യൻ അത്ഭുതപ്പെട്ടുപോകും. വലിയ വലിയ ധൈര്യവാന്മാരായ സ്വഹാബിമാരുടെ ധൈര്യം അവിടത്തെ മുമ്പിൽ ഒന്നുമല്ലായിരുന്നു. ഇതു സ്വഹാബത്തു തന്നെ വിവരിക്കുന്നുണ്ട്. ഹസ്റത്ത് ബറാഅ് ബിൻ ആസിബ് (റ) വിവരിക്കുന്നു. അല്ലാഹുവാണ! കടുത്ത പോരാട്ടം നടക്കുമ്പോൾ ഞാൻ നബി(സ)യെ പരിചയാക്കിക്കൊണ്ട് പോരാടിയിരുന്നു. നബി(സ)ന്റെ തോളോടുതോൾ ചേർന്ന് യുദ്ധം ചെയ്യുന്ന ആളെയാണ് ധീരനായി ഞാൻ മനസ്സിലാക്കിയിരുന്നത്. യുദ്ധം നടക്കുമ്പോൾ, ഭയാനകമായ പോരാട്ടസ്ഥലവും നിയമപരമായി നബി(സ) യുദ്ധം ചെയ്യുന്നിടമായിരിക്കും. കാരണം, ഏതെങ്കിലും ജനതയുമായി യുദ്ധം ഉണ്ടാകുമ്പോൾ ശത്രുജനത, എതിർകക്ഷിയുടെ നേതാവിനെ പിടിക്കുകയോ കൊലപ്പെടുത്തുകയോ ചെയ്ത് അനുയായികളുടെ വീര്യം കെടുത്താനാണാഗ്രഹിക്കുന്നത്. അതുകൊണ്ട് ശത്രുക്കളുടെ സകലശക്തിയും കേന്ദ്രസ്ഥലത്തായിരിക്കും ചെലുത്തുക. പ്രത്യേകിച്ച് അഭിമുഖമായി നിന്നുകൊണ്ടുള്ള യുദ്ധത്തിൽ ജനതയുടെ നേതാവ് അവിടെയുണ്ടെങ്കിൽ പറയുകയും വേണ്ട. നബി(സ) തന്റെ തന്റേടവും ധൈര്യവും കൊണ്ട് മിക്കപ്പോഴും ശത്രുക്കളുമായി നേരിട്ടു യുദ്ധം ചെയ്തിരുന്നു.

ആത്മാർപ്പണം ചെയ്യാൻ സന്നദ്ധരായ അവിടത്തെ സ്വഹാബിമാർ, എങ്ങനെയാണ് നബി(സ)യെ തനിച്ചുവിടാൻ ഇഷ്ടപ്പെടുക. അവർക്കും ഏറ്റവും കഠിനമായ സ്ഥലം നബി(സ) നിന്നുപൊരുതുന്ന സ്ഥലമായിരുന്നു. ശത്രുക്കൾ കേന്ദ്രബിന്ദുവായി കണ്ടിരുന്നത് നബി(സ)യെ ആയിരുന്നു. സ്വഹാബിമാരെ ആക്രമിക്കുന്നതിനെക്കാൾ കൂടുതൽ അവർ പരിശ്രമിച്ചിരുന്നത് നബി(സ)യുടെ മേൽ ആക്രമണം നടത്താനാണ്. പക്ഷെ, നബി(സ)യെ പോലുള്ള ഏതെങ്കിലും ഒരു നേതാവിനെ ഏതെങ്കിലും ജനതയ്ക്ക് കിട്ടിയിട്ടുണ്ടോ? നബി(സ)യുടെ ചുറ്റും സംഘടിച്ച് ആ മഹാത്മാവിനെ സംരക്ഷിക്കാൻ ബാധ്യസ്ഥരായവരാണ് പറയുന്നത് നബി(സ) തങ്ങൾക്കു പരിചയായിരുന്നുവെന്ന്. തന്റെ അനുയായികളെ സംരക്ഷിക്കുകയും ശത്രുക്കളുടെ ആക്രമണത്തെ പരാജയപ്പെടുത്തുകയും വേണം എന്ന ബോധത്തോടുകൂടി യാണ് അവിടന്ന് ശത്രുക്കളെ നേരിടുന്നത്. ധൈര്യത്തിന്റേയും തന്റേടത്തിന്റേയും നബി(സ) കാണിച്ച മാതൃക ഇതായിരുന്നു.

ബദ്ർ യുദ്ധാവസരത്തിലും അവിടത്തെ ധൈര്യവും തന്റേടവും പ്രകടമായ സംഭവമുണ്ട്. ഹസ്റത്ത് അനസ് ബിൻ മാലിക് (റ) നിവേദനം ചെയ്യുന്നു. നബി(സ)യും അവിടത്തെ സ്വഹാബത്തും മദീനയിൽനിന്ന് പുറപ്പെട്ടു. ബിംബാരാധകർക്കുമുമ്പേ അവർ ബദ്ർ മൈതാനത്ത് എത്തിച്ചേർന്നു. പിന്നീട് ബഹുദൈവാരാധകരും എത്തി. നബി(സ) പറഞ്ഞു: നിങ്ങളിൽ ആരും തന്നെ എന്നെക്കാൾ മുന്നോട്ടു ഗമിക്കരുത്; അതായത് നിങ്ങളെന്റെ പിന്നിൽ നില്ക്കേണ്ടതാണ്. ശത്രുക്കളുമായി പോരാട്ടം നടക്കുമ്പോൾ ഞാൻ തന്നെയായിരിക്കും മുന്നിൽ. ബഹുദൈവവിശ്വാസികൾ മുന്നോട്ട് വന്ന് ഇസ്‌ലാമീ സൈന്യത്തിന്റെ സമീപമെത്തിയപ്പോൾ, നബി(സ) പറഞ്ഞു: നീളവും വീതിയും ആകാശത്തിനും ഭൂമിയ്ക്കും തുല്യമായ സ്വർഗ്ഗം കരസ്ഥമാക്കുന്നതിനുവേണ്ടി മുന്നോട്ടു കുതിക്കുവിൻ. അതായത് യുദ്ധം കൃത്യമായി തുടങ്ങിക്കഴിഞ്ഞപ്പോൾ എല്ലാവർക്കും അവരവരുടെ കഴിവ് പ്രകടിപ്പിക്കുന്നതിന് അനുവാദം നല്കി. പിന്നെ ഭീരുത്വം കാണിക്കാൻ പാടില്ല. അവിടന്ന് അതിൽ എല്ലാവരെക്കാളും മുൻപന്തിയിലുണ്ടായിരുന്നു.

അവിടത്തെ യുദ്ധത്തെക്കുറിച്ച് ഹസ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു. രണാങ്കണം നല്ലവണ്ണം ചൂടുപിടിച്ചു കഴിയുമ്പോൾ, നബി(സ)ന്റെ ചുറ്റും കടുത്ത പോരാട്ടം നടക്കുമ്പോൾ ഞാൻ നബി(സ)ന്റെ സംരക്ഷണത്തിൽ നില്ക്കുമായിരുന്നു. അത്തരം ഘട്ടങ്ങളിൽ അവിടന്ന് എല്ലാവരെയും അപേക്ഷിച്ച് ശത്രുക്കളുടെ കൂടുതൽ അടുത്താകുമായിരുന്നു. നിവേദകൻ പറയുന്നു: ബദ്റിൽ ഞാൻ നബി(സ)യുടെ സംരക്ഷണത്തിൽ നിന്ന് യുദ്ധം ചെയ്യുകയായിരുന്നു. വാസ്തവത്തിൽ നബി(സ) സത്യനിഷേധികളുടെ അടുത്ത് തികച്ചും എത്തിക്കഴിഞ്ഞിരുന്നു. ആ ദിവസം നബി(സ) ശക്തമായി യുദ്ധം ചെയ്തു. യുദ്ധം ശക്തമാകുമ്പോൾ അടുത്തുനിന്ന് യുദ്ധം ചെയ്യുന്നവർ ആരാണെന്ന് അറിയാറില്ല. ഒരവസരത്തിൽ അലിയെ ആരോ ഒരു ആക്രമണത്തിൽ നിന്ന് രക്ഷിച്ചു. അലി(റ) പറയുന്നു. ഞാൻ നോക്കിയപ്പോൾ എന്റെ തോട്ടടുത്ത് നബി(സ) നില്പുണ്ടായിരുന്നു. ഹസ്റത്ത് അലിയെ സംബന്ധിച്ച്, അദ്ദേഹം യുദ്ധനിപുണനായിരുന്നുവെന്ന് എല്ലാവർക്കും അറിയാം. അങ്ങേയറ്റം നിർഭയനായിരുന്നു അലി. പക്ഷെ, നബി(സ)യുടെ ധീരതയെക്കുറിച്ച് അവിടന്ന് പറയുമ്പോൾ അവിടന്ന് നബി(സ)യുടെ സംരക്ഷണത്തിലാണ്.

ഉഹ്ദ് യുദ്ധത്തിലെ സംഭവം നോക്കുക. നബി(സ)ന്റെ തീരുമാനത്തിനു വിരുദ്ധമായി വെളിയിൽ പ്പോയി യുദ്ധം ചെയ്യാൻ തീരുമാനമുണ്ടായി. ചില സ്വഹാബിമാർക്ക് തങ്ങൾക്കു പറ്റിയ പിഴവ് പിന്നീട് മനസ്സിലാകുകയും ചെയ്തു. അവർ നബി(സ)യെ തടയാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ അവി

ടന്ന് അതിനു നല്കിയ മറുപടി അവിടത്തെ തവക്കുൽ വെളിപ്പെടുത്തുന്നുവെന്ന് മാത്രമല്ല, അവിടത്തെ ധൈര്യവും തന്റേടവും നല്ലവണ്ണം പ്രകടിപ്പിക്കുന്നതാണ്. അവിടന്ന് പറഞ്ഞു: നബി ഒരിക്കൽ ഉറയിൽനിന്ന് ആയുധമെടുത്താൽ അല്ലാഹുവിന്റെ തീരുമാനമുണ്ടാകാതെ അതു ഉറയിൽ ഇടുക എന്നത് നബിയുടെ അന്തസ്സിന് ചേർന്നതല്ല. അതായത് ഒന്നുകിൽ അല്ലാഹു അതുവേണ്ടെന്ന് കല്പിക്കണം. ഇല്ലെങ്കിൽ യുദ്ധ മൈതാനിയിൽ വിധി നിർണ്ണയിക്കപ്പെടും. യുദ്ധത്തിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി പിന്മാറുകയില്ല. അത് പുരുഷത്വത്തിനും തന്റേടത്തിനുമെതിരാണ്. ആ നബിയാണെങ്കിൽ ഖാത്തമുൽ അമ്പിയാഅ് ആണ്. ആ നബി എങ്ങനെ ഭീരുത്വം കാണിക്കാനാണ്. പിന്നീട് മുസ്‌ലിംകൾ ചെയ്ത അബദ്ധം കാരണത്താൽ, വിജയിച്ചുകൊണ്ടിരുന്ന യുദ്ധത്തിന്റെ ഗതിമാറി. ശത്രുക്കൾ മുസ്‌ലിംകൾക്ക് കുറച്ചു നഷ്ടം വരുത്തി. മുസ്‌ലിംകൾ ചിതറിപ്പോയി. ആ നേരത്തും നബി(സ) ഉറച്ച പാറപ്പോലെ നിന്നു പൊരുതി. ഇതും മഹത്തായൊരു സംഭവമാണ്. വിവിധ നിവേദനങ്ങളിൽ ഇതിനെക്കുറിച്ച് പറയുന്നുണ്ട്.

ഉഹ്ദ് യുദ്ധത്തിൽ ചില നേരത്ത് നബി(സ) തനിച്ചാകാറുണ്ടായിരുന്നു. അത്തരം ഒരു സന്ദർഭത്തിൽ ഹസ്‌റത്ത് സഅ്ദ് ബിൻ അബീ വഖാസിന്റെ മുശ്‌രിക്കായ സഹോദരൻ ഉത്ബബിൻ അബീ വഖാസ് തൊടുത്തുവിട്ട ഒരു കല്ല് അവിടത്തെ പരിശുദ്ധ വദനത്തിൽ വന്നുകൊണ്ടു. നബി (സ)യുടെ ഒരു പല്ല് പൊട്ടിപ്പോയി. ചുണ്ടിനും മുറിവേറ്റു. അധികസമയം കഴിഞ്ഞില്ല, അബ്ദുല്ലാഹ് ബിൻ ശിഹാബ് എറിഞ്ഞ മറ്റൊരു കല്ല്, അവിടത്തെ നെറ്റിയിൽ മുറിവേല്പിച്ചു. കുറച്ചുസമയത്തിനുശേഷം ഇബ്നുകമിയ എറിഞ്ഞ മൂന്നാമത്തെ കല്ല് അവിടത്തെ കവിളിൽ വന്നുകൊണ്ടു. അതിന്റെ ഫലമായി അവിടന്ന് ധരിച്ച പടച്ചട്ടയുടെ ആണി മോണയിൽ തറച്ചു. അവിടന്ന് രക്തത്തിൽ കുളിച്ചു. പക്ഷെ, ഇരുന്ന് മുറിവിൽ മരുന്നു വെച്ചുകെട്ടാനും ഒലിച്ചിറങ്ങിയ രക്തം വൃത്തിയാക്കാനും അല്ലെങ്കിൽ വിശ്രമിക്കാൻ ഒരു അഭയസ്ഥലവും അവിടന്ന് അന്വേഷിച്ചില്ല. എന്തിനുവേണ്ടി? അവിടത്തെ ധൈര്യം കണ്ടുകൊണ്ട് മുസ്‌ലിംകൾ വീണ്ടും സംഘടിച്ച് ശത്രുക്കളെ നേരിടുന്നതിനുവേണ്ടി.

ആ നേരത്തെ അവസ്ഥ നോക്കുക. അവിടന്ന് രക്തത്തിൽ കുളിച്ചു നില്ക്കുകയായിരുന്നു. യുദ്ധം ഏകദേശം സമാപിച്ച നിലയിലായി. സത്യനിഷേധികൾ അവരുടെ മുറിവേറ്റവരെ ചികിത്സിക്കുകയാണ്. മുസ്‌ലിം ശുഹദാക്കളുടെ മുഖം വികൃതമാക്കാൻ ശ്രമിക്കുകയായിരുന്നു. (അക്കാലത്ത് നിലവിലുണ്ടായിരുന്ന സമ്പ്രദായമായിരുന്നു അത്. മൂക്കും ചെവിയും മുറിച്ചെടുത്ത് ജഡം വികൃതമാക്കുമായിരുന്നു.) ആ നേരത്ത്, യുദ്ധം അല്പം തണുത്തപ്പോൾ നബി(സ) തന്റെ സ്വഹാബത്തിനോടൊപ്പം സുരക്ഷിതമായ ഒരു സ്ഥലത്തേക്ക് പോകാനൊരുങ്ങുകയാണ്. വഴിയിൽ വെച്ച് ഉബയ്യ് ബിൻ ഖൽഫ് നബി(സ)യെ കണ്ടു. നബി(സ)യെ അയാൾ തിരിച്ചറിഞ്ഞു. നബി(സ)യെ ആക്രമിക്കാൻ മുന്നോട്ടു കുതിച്ചു. മുറിവേറ്റ ആ അവസ്ഥയിലും നബി(സ) എത്ര വലിയ ധൈര്യമാണ് കാണിച്ചത്. അതിനെക്കുറിച്ച് ഇങ്ങനെ വന്നിരിക്കുന്നു.

ഉഹ്ദ് യുദ്ധത്തിനുശേഷം നബി(സ) സ്വഹാബിമാരോടൊപ്പം ഒരു മലയിടുക്കിൽ ചാരിക്കിടക്കുകയായിരുന്നു. മറ്റൊരു നിവേദനത്തിൽ, ഒരു മലയിലേക്ക് പോകുകയായിരുന്നുവെന്നും വന്നിട്ടുണ്ട്. എന്തായാലും, ഉബയ് ബിൻ ഖൽഫ് നബി(സ)യെ കണ്ട് വെല്ലുവിളിച്ചു: മുഹമ്മദേ! ഇന്ന് നീ രക്ഷപ്പെട്ടാൽ എന്റെ ജീവിതം വ്യർത്ഥമാണ്. നിരർത്ഥകമാണ്. അല്ലാഹുവിന്റെ റസൂലേ! ഞങ്ങളിലാരെങ്കിലും അവനിലേക്ക് കുതിക്കട്ടെ എന്ന് സ്വഹാബത്ത് ചോദിച്ചു. അയാളെ വിട്ടേക്കാൻ നബി(സ) പറഞ്ഞു. വഴിയിൽ നിന്ന് മാറിനില്ക്കുക. അയാൾ എന്റെയടുക്കലേക്ക് വന്നുകൊള്ളട്ടെ. അയാൾ നബി(സ)യുടെയടുക്കലെത്തിയപ്പോൾ നബി(സ) കുന്തം കൈയിലെടുത്തു. മുന്നോട്ടുകുതിച്ച് അയാളുടെ കഴുത്തിൽ ഒരു കുത്തുകൊടുത്തു. അയാൾ അലറിക്കൊണ്ട് തിരിഞ്ഞു. തന്റെ കുതിരയിൽനിന്നു താഴെ വീണു. നബി(സ)യുടെ അവസ്ഥ നോക്കുക. അങ്ങേയറ്റം ക്ഷീണിതനാണ്. ചോര ശരീരത്തിൽനിന്ന് ഒലിച്ചുകൊണ്ടിരിക്കുന്നു. മുറിവുകൾ മരുന്നുവെച്ച് കെട്ടുകപോലും ചെയ്തിരുന്നില്ല. എന്നിട്ടും, തന്റെ അനുയായികളിൽ ഒരാളെയും മുന്നോട്ടുവിട്ടില്ല. പറഞ്ഞു: നിങ്ങൾ ചെയ്യേണ്ട. അയാളെ ഞാൻ തന്നെ ചികിത്സിച്ചുകൊള്ളാം. കാരണം മക്കയിൽവെച്ച് ഒരിക്കൽ അയാൾ നബി(സ)യെ വെല്ലുവിളിച്ചിരുന്നു. തന്റെ കൈകൊണ്ട് നബി(സ) മരിക്കുമെന്നും അയാൾ പറഞ്ഞിരുന്നു. നബി(സ) പറഞ്ഞു. അങ്ങനെ ഉണ്ടാവില്ല. മറിച്ച് നീ എന്റെ കൈകൊണ്ടു മരിച്ചൊടുങ്ങുന്നതാണ്.

കുതിരപ്പുറത്തുണ്ടായിരുന്ന ആ വ്യക്തി, അയാൾക്ക് ഒരു മുറിവും ഉണ്ടായിരുന്നില്ല. ക്ഷീണിതനുമായിരുന്നില്ല. എന്നാൽ നബി(സ) അങ്ങേയറ്റം ക്ഷീണിതനും രക്തത്തിൽ കുളിച്ചിരിക്കുന്ന അവസ്ഥയിലുമായിരുന്നു. കുതിരപ്പുറത്തായിരുന്നതിനാൽ അയാൾക്ക് നല്ലവണ്ണം ആക്രമണം നടത്താമായിരുന്നു. ഇങ്ങനെയൊക്കെയായിട്ടും നബി(സ) തന്റെ ധൈര്യത്തിന്റെയും തന്റേടത്തിന്റേയും ഉദാത്തമായ മാതൃക കാണിച്ചുകൊണ്ട്, നിങ്ങൾ പിന്നിലേക്ക് മാറാൻ സ്വഹാബത്തിനോടു പറഞ്ഞു. ആ മുറിവുകൊണ്ട്, അയാൾ മക്കയിലേക്കുള്ള വഴിയിലോ മക്കയിലോ വെച്ച് മരിച്ചു.

ഉഹ്ദ് യുദ്ധത്തിന്റെ അടുത്തദിവസം നബി (സ) തന്റെ സ്വഹാബിമാരോടൊപ്പം മദീനയിലെത്തിയപ്പോൾ, മക്കയിലെ സത്യനിഷേധികൾ വീണ്ടും

മദീനയുടെ മേൽ ആക്രമണം നടത്താൻ തയ്യാറെടുക്കുന്നുവെന്ന അറിയിപ്പ് കിട്ടി. കാരണം ചില ഖുറയ്ശികൾ പരസ്പരം കുത്തുവാക്കുകൾ പറയാൻ തുടങ്ങി. അവർ പറഞ്ഞു, നിങ്ങൾ മുഹമ്മദിനെ കൊന്നില്ല (നഊദുബില്ലാഹ്) മുസ്‌ലിം സ്ത്രീകളെ അടിമകളായി പിടിച്ചതുമില്ല, അവരുടെ സമ്പത്തു പിടിച്ചതുമില്ല. ഇതറിഞ്ഞപ്പോൾ നബി(സ) അവരെ പിന്തുടരാൻ തീരുമാനിച്ചു. നബി(സ) വിളംബരം ചെയ്തു. നമ്മൾ ശത്രുക്കളെ പിന്തുടരുന്നതാണ്. ഇതിൽ, കഴിഞ്ഞദിവസം ഉഹ്ദ് യുദ്ധത്തിൽ പങ്കെടുത്ത സ്വഹാബിമാർ മാത്രമെ എന്നോടൊപ്പം വരികയുള്ളു. സ്വയം മുറിവേറ്റിരിക്കുന്ന അവസ്ഥയിൽ, സ്വഹാബിമാരിൽ അധികരും മുറിവേറ്റവരായിരുന്നു; എന്നല്ല മുഴുവൻ സ്വഹാബിമാർക്കും പരിക്കേറ്റിരുന്നു. അവിടന്ന് ആ ഘട്ടത്തിൽ ശത്രുക്കളെ പിന്തുടരാൻ തീരുമാനിച്ചു. ധൈര്യം കാണിക്കുകയാണെങ്കിൽ വിജയമുണ്ടാകുമെന്ന് സ്വഹാബത്തിനോടു പറഞ്ഞു.

അവിടത്തെ ഈ ധീരോദാത്തമായ തീരുമാനം, ശത്രുക്കളെ വിഷമിപ്പിച്ചു. തങ്ങളെ പിൻതുടരുന്നുവെന്ന് കണ്ടപ്പോൾ അവർ അവിടെനിന്ന് മക്കയിലേക്ക് തിരിച്ചുപോയി.

ഹുനൈൻ യുദ്ധത്തിൽ അവിടന്ന് കാണിച്ച ധീരത നിവേദനങ്ങളിൽ വന്നിട്ടുണ്ട്. അബൂ ഇസ്ഹാഖ് നിവേദനം ചെയ്യുന്നു. പറയുന്നു: ഒരിക്കൽ ഒരാൾ ഹസ്റത്ത് ബറാഅ്ന്റെയടുക്കൽ വന്നു. ഹുനൈൻ യുദ്ധത്തിൽ നിങ്ങൾ പിന്തിരിഞ്ഞോടിയോ എന്ന് അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു: എല്ലാവരെയും കുറിച്ച് എനിക്ക് ഒന്നും പറയാൻ പറ്റില്ല. എന്നാൽ, നബി(സ)നുവേണ്ടി ഞാൻ സാക്ഷി പറയും; അവിടന്ന് ശത്രുവിന്റെ രൂക്ഷമായ ആക്രമണം ഉണ്ടായപ്പോഴും പിന്തിരിഞ്ഞോടിയില്ല. പിന്നീട് അദ്ദേഹം പറഞ്ഞു: ഹവാസൻ ഗോത്രത്തിനെതിരെ മുസ്‌ലിം സൈന്യം പുറപ്പെട്ടപ്പോൾ, അവർ നിസ്സാരമായ ആയുധമായിരുന്നു എടുത്തിരുന്നത്. അതായത് അവരുടെ കൈയിൽ വേണ്ടത്ര ആയുധങ്ങളോ പടച്ചട്ടയോ ഉണ്ടായിരുന്നില്ല. അവരിൽ മിക്കവരും ഒന്നുമില്ലാത്തവരായിരുന്നു. ഇതിനെതിരിൽ ഹവാസിൻ സൈന്യത്തിൽ യുദ്ധ നിപുണരായിരുന്നു ഉണ്ടായിരുന്നത്. മുസ്‌ലിം സൈന്യം അവരിലേക്കു നീങ്ങിയപ്പോൾ, വെട്ടുകിളികൾ വയലുകളിൽ വന്നു വീഴുന്നതുപോലെ അവർ അമ്പെയ്ത്തു തുടങ്ങി. ഇതു സഹിക്ക വയ്യാതെ മുസ്‌ലിം സൈന്യം ചിതറി. പക്ഷെ, അവരിലൊരു സംഘം നബി(സ)യുടെയടുക്കലേക്ക് വന്നു. നബി(സ) ഒരു കോവർ കഴുതപ്പുറത്തു യാത്ര ചെയ്യുകയായിരുന്നു. അതിനെ അവിടത്തെ പിതൃസഹോദരൻ അബൂസുഫ്യാൻ ബിൻ ഹാരിസ് തെളിക്കുകയായിരുന്നു. മുസ്‌ലിംകൾ ചിന്നഭിന്നമായിരിക്കുന്നതു കണ്ടപ്പോൾ അവിടന്ന് കുറച്ചു നേരത്തേക്ക് തന്റെ കോവർ കഴുതയിൽ നിന്ന് താഴെ ഇറങ്ങി. തന്റെ യജമാനരായ അല്ലാഹുവിനോട് ദുആ ചെയ്തു. പിന്നീട് അവിടന്ന് കോവർ കഴുതപ്പുറത്തു കയറി, മുസ്‌ലിംകളെ സഹായിക്കാൻ വിളിച്ചുകൊണ്ട് ശത്രുസമൂഹത്തിലേക്ക് കുതിച്ചു. അവിടന്ന് ഈ കവിതാശകലം ചൊല്ലുന്നുണ്ടായിരുന്നു.

**അനന്നബിയു ലാകദിബ്**
**അനബ്നു അബ്ദുൽ മുത്തലിബ്**

ഞാൻ അല്ലാഹുവിന്റെ നബിയാണ്. ഇതു സത്യമായ കാര്യമാണ്. എന്നാൽ, അതേ, അബ്ദുൽ മുത്തലിബിന്റെ മകനാണ് ഞാൻ. അതായത് അസാധാരണമായ എന്റെ ധൈര്യം കണ്ടിട്ട് ഞാൻ മനുഷ്യനല്ലാ എന്ന് നിങ്ങൾ കരുതിപ്പോകണ്ട. ഞാനൊരു മനുഷ്യനാണ്. അവിടന്ന് ഇങ്ങനെ ദുആ ചെയ്തുകൊണ്ടിരുന്നു. **അല്ലാഹുമ്മ നസ്സിൽ നസ്റക്ക** അല്ലാഹുവേ! നീ നിന്റെ സഹായം ഇറക്കിയാലും.

ഹസ്റത്ത് ബറാഅ് (റ) പറയുന്നു: നബി(സ) തിരുമേനിയുടെ ധീരത കേട്ടാലും. യുദ്ധം കൊടുമ്പിരിക്കൊള്ളുമ്പോൾ ഏറ്റവും മുൻപന്തിയിൽ നിന്നുകൊണ്ട് നബി(സ) ധൈര്യത്തോടെ ശത്രുക്കളുമായി യുദ്ധം ചെയ്യുമായിരുന്നു. ആ സന്ദർഭത്തിൽ ഞാൻ നബി(സ)യെ ഞങ്ങളുടെ സംരക്ഷണവും രക്ഷയുമാക്കുമായിരുന്നു. നബി(സ)യുടെ തോളോടു തോൾ ചേർന്നുകൊണ്ട് യുദ്ധം ചെയ്യുന്നയാൾ വലിയ ധീരതനായി കരുതപ്പെട്ടിരുന്നു. ഇത്തരം സംഭവങ്ങൾക്ക് പലയിടത്തുനിന്നും ഒരുപാട് സാക്ഷ്യം ലഭിക്കുന്നുണ്ട്. ഒന്നോ രണ്ടോ സ്വഹാബിമാരുടെ ഉദാഹരണമല്ല. ഇതായിരുന്നു യുദ്ധങ്ങളിൽ നടന്ന സംഭവങ്ങൾ. എങ്ങനെ അവിടന്ന് ധീരത കാണിച്ചിരുന്നു. എങ്ങനെ സ്വഹാബിമാരെ സംരക്ഷിച്ചിരുന്നു.

തന്നെ വിശ്വസിക്കുന്നവരെക്കുറിച്ചുള്ള ചിന്തയിൽ കഴിഞ്ഞിരുന്ന ഒരു ലീഡറായിരുന്നു നബി(സ), അവരുടെ സംരക്ഷണം എപ്പോഴും ശ്രദ്ധിച്ചിരുന്നു. രാത്രി എഴുന്നേറ്റ് നിർഭയനായി ചുറ്റുപാടുകൾ പരിശോധിച്ചിരുന്നു. ഇത്തരം ഒരു സംഭവത്തെക്കുറിച്ച് വന്നിരിക്കുന്നു. ഹസ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു. നബി(സ) എല്ലാ മനുഷ്യരെക്കാളധികം സൗന്ദര്യവാനായിരുന്നു. എല്ലാ മനുഷ്യരെക്കാളുമധികം ധൈര്യവാനായിരുന്നു. മദീനവാസികൾ ഒരു രാത്രി വല്ലാതെ ഭയപ്പെട്ടു. എവിടെ നിന്നോ ഒരു ശബ്ദം അവർ കേട്ടതാണ് കാരണം. ശബ്ദം കേട്ട ഭാഗത്തേക്ക് ആളുകൾ ഓടിയപ്പോൾ, ആ ഭാഗത്തുനിന്ന് നബി(സ) വരുന്നത് അവർ കണ്ടു. അവിടന്ന് കാര്യമെന്താണെന്ന് അന്വേഷിച്ച് തിരിച്ചുവരികയായിരുന്നു. ഹസ്റത്ത് അബൂത്വൽഹായുടെ കുതിരപ്പുറത്തായിരുന്നു അവിടന്ന്. അതിന്റെമേൽ ഒന്നും വിരിച്ചിട്ടുണ്ടായിരുന്നില്ല. നബി(സ) തന്റെ കഴുത്തിൽ വാൾ തൂക്കിയിട്ടിരുന്നു. ആളുകളെ മുന്നിൽ കണ്ടപ്പോൾ അവിടന്ന് വിളിച്ചു പറഞ്ഞു: ഭയപ്പെടേണ്ട, ഭയപ്പെടേണ്ട. ഞാൻ കാര്യം അന്വേഷിച്ച് വരികയാണ്. അപകടകരമായ കാര്യമൊന്നുമില്ല. പിന്നീട്

അബൂത്വൽഹായോട് അദ്ദേഹത്തിന്റെ കുതിരയെക്കുറിച്ച് പറഞ്ഞു. സമുദ്രം പോലെയാണ് അതിന്റെ പാച്ചിലെന്ന് നാം കണ്ടു.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ശത്രുക്കൾ മദീന ആക്രമിക്കുമോ എന്ന ഭയം അക്കാലത്തുണ്ടായിരുന്നു. ഇതു കാരണം എല്ലാവരും എപ്പോഴും ജാഗരൂകരായിരുന്നു. അതുകൊണ്ട് ശബ്ദം കേട്ടുടനെ ഈ ഭാഗത്തേക്ക് നബി(സ) ധിറുതിയിൽപ്പോയി. അതുകൊണ്ട് കുതിരയുടെ മേൽ ജീൻ കെട്ടിയില്ല. എത്രയും വേഗം കാര്യം കണ്ടെത്താൻ അങ്ങനെ നഗ്നമായ കുതിരപ്പുറത്തു യാത്രയാവുകയായിരുന്നു. മറ്റു പ്രവൃത്തികളിലേർപ്പെട്ടിരുന്നവർ, എങ്ങനെ ഈ പ്രശ്നം കൈകാര്യം ചെയ്യണമെന്ന ചിന്തയിലായിരുന്നു. പക്ഷെ, നബി(സ) തിരുമേനി തന്റെ ജനങ്ങളുടെ വിഷമം അകറ്റുന്നതിനു വേണ്ടി, അവർ പുറപ്പെടുന്നതിനുമുമ്പേ കാര്യങ്ങൾ വിശദമായി അന്വേഷിച്ച് തിരിച്ചെത്തി. സാധാരണ സ്ഥിതിയിൽ ആർക്കും കാര്യങ്ങൾ അന്വേഷിക്കാവുന്നതാണ്. പക്ഷെ, ഞാൻ പറഞ്ഞതുപോലെ ശത്രുക്കളിൽനിന്ന് ഭീഷണി നിലനില്ക്കുന്ന ഒരു പരിതസ്ഥിതിയിൽ, അങ്ങേയറ്റം ധീരനായ ഒരാൾക്കുമാത്രമേ ഇങ്ങനെ പ്രവർത്തിക്കാൻ സാധിക്കുകയുള്ളു. അത് നബി(സ)യെക്കൊണ്ടല്ലാതെ മറ്റാർക്കും സാധ്യമല്ല തന്നെ.

ഈ നിവേദനത്തിൽ നിന്ന്, നബി(സ)യുടെ യാത്രയെ സംബന്ധിച്ചും വിവരം ലഭിക്കുന്നുണ്ട്. കുതിരയും പായുന്ന ഇനമായിരുന്നു. ജീനൊന്നും കെട്ടാതെ ആ മലയിടുക്കിലൂടെ അവിടന്ന് അതിവേഗം യാത്ര ചെയ്തു. അത്തരം കുതിരയെ നിയന്ത്രിക്കാൻ എത്രമാത്രം ബുദ്ധിമുട്ടാണെന്ന് കുതിര സവാരിക്കാർക്കേ അറിയൂ.

ചുരുക്കത്തിൽ ഏതു വശമെടുത്തുനോക്കിയാലും, എവിടെയൊക്കെ ധൈര്യവും പുരുഷത്വവും കാണിക്കേണ്ടി വന്നിട്ടുണ്ടോ അവിടെയൊക്കെ നബി(സ)യുടെ ഉദാത്തമായ ധൈര്യവും പുരുഷത്വവും വെളിപ്പെട്ടതായിക്കാണാം.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: കുഴപ്പങ്ങൾക്ക് ആഹ്വാനം ചെയ്യുന്ന ഒരു സംഘത്തിന്റെ മുന്നിൽ, ഏട്ടിലെ പശുവിനെപ്പോലെ നിന്നുകൊണ്ട് അവിടന്ന് ജനങ്ങളെ അത്ഭുതപ്പെടുത്തിയിരുന്ന ഒരു കാലമുണ്ടായിരുന്നു. അമ്പിന്റെയും വാളിന്റെയും ഇടയിൽ നിന്നുകൊണ്ട് ധൈര്യവും തന്റേടവും കാണിക്കുന്ന മറ്റൊരു കാലവുമുണ്ടായി. സ്വർണ്ണത്തിന്റെ മലപോലും ദാനം ചെയ്യുന്ന ദാനശീലത. സഹനശീലത്തിൽ തന്റെ ഉദാത്തമായ മാതൃക കാണിച്ചുകൊണ്ട് വധക്കുറ്റത്തിനർഹരായവരെപ്പോലും വിട്ടയക്കുന്നു. ചുരുക്കത്തിൽ അല്ലാഹു കാണിച്ച നബി(സ)തിരുമേനിയുടെ അതുല്യവും തികവാർന്നതുമായ മാതൃക, ഒരു വലിയ വൃക്ഷം പോലെയാണ്. അതിന്റെ തണലിൽനിന്ന് മനുഷ്യന് അവന്റെ എല്ലാ ആവശ്യങ്ങളും പൂർത്തിയാക്കാം. അതിന്റെ പഴവും, അതിന്റെ പൂവും, അതിന്റെ തൊലിയും, അതിന്റെ ഇലയും തുടങ്ങി അതിന്റെ എല്ലാ ഭാഗവും ഫലപ്രദമാണ്. നബി(സ) ആ മഹത്തായ മരത്തിന് ഉദാഹരണമാണ്. കോഴിയുടെ ചിറകുപോലെ കോടിക്കണക്കിന് സൃഷ്ടികൾ അതിന്റെ തണലിൽ വിശ്രമിക്കുകയും അഭയം തേടുകയും ചെയ്യുന്നു. നബി(സ)യുടെ സമീപത്തുനിന്ന് യുദ്ധം ചെയ്യുന്നയാളാണ് ഏറ്റവും വലിയ ധീരനായി കരുതപ്പെട്ടിരുന്നത്. കാരണം അവിടന്ന് വലിയ അപകടകരമായ സ്ഥലത്തായിരുന്നു ഉണ്ടായിരുന്നത്. സുബ്ഹാനല്ലാഹ്! എന്തൊരു തേജോവിലാസമാണത്. ഉഹ്ദിലേക്ക് നോക്കുക, വാളിന്റെ മേൽവാൾ പതിയുന്നു. കടുത്ത പോരാട്ടം നടക്കുകയാണ്. സ്വഹാബത്തിനു സഹിക്കാൻ പോലും പറ്റുന്നില്ല. എന്നാൽ ഈ വീറുറ്റ പുരുഷൻ നേരിട്ട് യുദ്ധം ചെയ്യുമായിരുന്നു. ഇതിൽ സ്വഹാബത്തിന്റെ കുറ്റമൊന്നുമുണ്ടായിരുന്നില്ല. അല്ലാഹു അവർക്കു പൊറുത്തുകൊടുത്തു. അതിലെ രഹസ്യം നബി(സ)യുടെ ധീരതയുടെ മാതൃക പ്രകടിപ്പിക്കുക എന്നതായിരുന്നു. ഒരവസരത്തിൽ വാളിന്റെ മേൽ വാൾ പതിഞ്ഞിരുന്നു. അവിടന്ന് ഒരു മടിയും കൂടാതെ പറഞ്ഞു, മുഹമ്മദു റസൂലുല്ലാഹ് ഞാനാണ്. നബിയുടെ നെറ്റിത്തടത്തിൽ 70 മുറിവുണ്ടായിരുന്നതായി പറഞ്ഞിരിക്കുന്നു. ഇതായിരുന്നു മഹത്തായ ധാർമ്മിക ഗുണം.

അല്ലാഹു തആല നബി(സ)യുടെ മഹത്തായ ഓരോ ധാർമിക ഗുണവുമനുസരിച്ച് നടക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

JUMUA KHUTHBA
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on
22 - 04 - 2005
at
Baithul Futuh, London.

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**